**No.CA/EC-64/2020 (g)**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 26.03.2019
ഫോൺ: 0471-2332632
ഇ-മെയിൽ: eckerala.exc@kerala.gov.in

**പ്രേഷകൻ**

**എക്സൈസ് കമ്മീഷണർ,**
കേരള.

**ഗ്രാഹകൻ**

**എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാരും**
**എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും**
**എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും**
**സർക്കിൾ ഇൻസ്പെക്ടർമാർ,**
**സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർമാർ,**
**റെയ്ഞ്ച് ഇൻസ്പെക്ടർമാർ**

സർ,

വിഷയം:- മദ്യത്തിന്റെ ലഭ്യത നിലച്ചിട്ടുള്ള അവസ്ഥയിലെ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

മദ്യത്തിന്റെ ലഭ്യത നിലച്ചിട്ടുള്ള അവസ്ഥയിൽ അതിനോടനുബന്ധിച്ചുള്ള പല പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതതയുണ്ട്. ഇവയെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി നൽകുന്നു.

1) വ്യാജമദ്യ ഉല്പാദനം, സൂക്ഷിച്ചു വച്ചിട്ടുള്ള മദ്യത്തിന്റെ ചില്ലറ വിൽപ്പന, അടച്ചിട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും രാത്രികാലങ്ങളിലും മറ്റും രഹസ്യമായി മദ്യവിൽപ്പന, വ്യാജവാറ്റ് മുതലായ കാര്യങ്ങൾ പലരും ചെയ്യാൻ സാധ്യതയുണ്ട്. ഇതു തടയുന്നതിനായി സൂഷ്മ നിരീക്ഷണവും നടപടികളും എല്ലാ ഫീൽഡ് ഓഫീസുകളിലും ഉണ്ടാകേണ്ടതാണ്.
2) ഇത്തരം കുറ്റകൃത്യങ്ങൾക്കു സാധ്യതയുള്ള സ്ഥലങ്ങളും, സ്ഥാപനങ്ങളും പെട്രോളിംഗിൽക്കൂടി നിരീക്ഷിക്കേണ്ടതാണ്. മുന്നറിയപ്പു കൂടാതെ രാത്രികാലങ്ങളിലും ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ പെട്രോളിംഗും പരിശോധനകളും നടത്തേണ്ടതാണ്.
3) മദ്യത്തിന്റെ ദൗർലഭ്യം ഉള്ളതിനാൽ വിവിധതരത്തിലുള്ള മയക്കുമരുന്നുകൾ വിൽപ്പനയും കൈമാറ്റവും ചെയ്യാനും ഉപയോഗിക്കുവാനും സാധ്യതയുണ്ട്. ഇതു തടയുന്നതിനും കർശനമായ പരിശോധന ആവശ്യമാണ്.
4) ഇത്തരത്തിലുള്ള കുറ്റങ്ങൾ മുമ്പ് ചെയ്തിട്ടുള്ള കുറ്റവാളികളെയും അവരുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ടു പരിശോധിക്കേണ്ടതാണ്.
5) മദ്യത്തിന്റെ ലഭ്യത ഇല്ലാതായതിനാൽ ചുരുക്കം പേർക്കെങ്കിലും ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളും അതുമൂലം വീടുകളിൽ മറ്റു പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായാൽ പൊതുജനങ്ങൾ അടുത്തുള്ള എക്സൈസ് ഓഫീസിനെയോ പോലീസ് സ്റ്റേഷനേയോ സമീപിക്കുകയോ അറിയിക്കുകയോ ചെയ്യണമെന്ന നിർദ്ദേശം മാധ്യമങ്ങളിൽ കൊടുത്തിട്ടുണ്ട് ഇത്തരത്തിലുള്ള പരാതികൾ ടെലിഫോണിലൂടെയോ നേരിട്ടോ നമ്മുടെ

ശ്രദ്ധയിൽപ്പെട്ടാൽ പരാതിക്കാർക്ക് സഹാനുഭൂതിയോടെ ഉള്ള ശ്രദ്ധയും മറുപടിയും നൽകേണ്ടതാണ്. ഇത്തരക്കാരിൽ വിറയൽ, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, അസ്വസ്ഥത മുതലായ പ്രാഥമിക ലക്ഷണങ്ങൾ കാണപ്പെടുമ്പോൾ തന്നെ ഏറ്റവും അടുത്തുള്ള ആശുപത്രിയിൽ വൈദ്യസഹായം തേടുക എന്നതാണ് പരിഹാര മാർഗം. ഇതിനുള്ള നിർദ്ദേശം ഇത്തരക്കാർക്ക് നൽകേണ്ടതാണ്.

6) അവരുടെ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ ശേഷം വൈദ്യസഹായം ആവശ്യമെങ്കിൽ അവരെ അതാതു ജില്ലകളിലുള്ള എക്സൈസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഡീ-അഡിക്ഷൻ സെന്ററുകളിൽ എത്തിക്കാൻ പോലീസുമായി ബന്ധപ്പെട്ട് നടപടികൾ എടുക്കേണ്ടതുമാണ്. പ്രസ്തുത സെന്ററുകളിൽ എത്തുവാൻ ദൂരപരിമിതി ഉള്ളപക്ഷം അടുത്തുള്ള ആശുപത്രികളിൽ ഇത്തരക്കാരെ എത്തിക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

7) എല്ലാ ജില്ലകളിലുമുള്ള ഡീ-അഡിക്ഷൻ സെന്ററുകളിലും മൂന്നു നഗരങ്ങളിലുമുള്ള കൗൺസിലിംഗ് സെന്ററുകളിലും ഡോക്ടർമാരും മറ്റു സ്റ്റാഫ് അംഗങ്ങളും കൃത്യമായി എത്തുന്നുവെന്നും അവിടേക്കെത്തുന്ന ചികിത്സ ആവശ്യമുള്ളവർക്ക് വേണ്ട ശ്രദ്ധ ലഭിക്കുന്നുവെന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർമാർ ഉറപ്പു വരുത്തേണ്ടതാണ്.

8) എല്ലാ ഡിവിഷൻ ഓഫീസുകളിൽ നിന്നും ഓരോ ദിവസവും രാവിലെ 8 മണിക്കും വൈകുന്നേരം 8 മണിക്കും ആദ്യം പറഞ്ഞ തരത്തിലുള്ള കുറ്റകൃത്യങ്ങൾ എന്തെങ്കിലും കണ്ടു പിടിച്ചിട്ടുണ്ടെങ്കിൽ അവയെക്കുറിച്ചുള്ള വിവരം കൺട്രോൾ റൂമിൽ "സിറ്റുവേഷൻ റിപ്പോർട്ട്" ആയി നല്കേണ്ടതാണ്. എന്തെങ്കിലും ഗൗരവതരമായ പ്രശ്നം ഉണ്ടെങ്കിൽ അപ്പോൾത്തന്നെ ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർമാർ ഇടപെട്ട് പ്രവർത്തനങ്ങൾക്ക് വേണ്ട വ്യക്തിപരമായ നേതൃത്വം നൽകേണ്ടതും പ്രശ്നത്തെ സംബന്ധിക്കുന്ന വിവരം കൺട്രോൾ റൂമിലും അഡീഷണൽ കമ്മീഷണർ എൻഫോഴ്സ്മെന്റിനെയും അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

**എസ്. ആനന്ദകൃഷ്ണൻ ഐ.പി.എസ്**
**എ ഡി ജി പി & എക്സൈസ് കമ്മീഷണർ**